(ബി) 1. പി.വി.എം.എച്ച്.എസ്. ആളൂർ.

2. എ.കെ.എം.എച്ച്.എസ്. പൊയ്യക.

3. ശ്രീനാരായണ വിലാസം, ആളൂർ എച്ച്.എസ്.

4. സോക്രസോ കോൺവെന്റ്, മാള എച്ച്.എസ്.

5. ഗവണ്മെന്റ് ഹൈസ്കൂൾ, ഐരാണികുളം.

37 (1581) പ്ലസ് ടൂ കോഴ്സ്

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-99 വിദ്യാഭ്യാസ വർഷത്തിൽ സംസ്ഥാനത്ത് പ്ലസ് ടൂ വിന് ആകെ എത്ര സീറ്റുകൾ വിവിധ വിഷയങ്ങളിൽ ഉണ്ടായിരുന്നുവെന്ന് അറിയിക്കുമോ;

(ബി) ഇതിൽ എത്ര സീറ്റുകളിലേയ്ക്ക് പ്രസ്തുത വിദ്യാഭ്യാസ വർഷം അഡ്മിഷൻ നടന്നുവെന്നത് വ്യക്തമാക്കുമോ;

(സി) പ്ലസ് ടൂ വിന് ചേരാതെ വലിയ ഒരു വിഭാഗം വിദ്യാർത്ഥികൾ പാരലൽ കോളേജുകളിൽ ചേരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്ലസ് ടൂ സ്കൂളുകളുടെ സൗകര്യം മെച്ചപ്പെടുത്താനായി എന്തൊക്കെ നടപടി സ്വീകരിച്ചു വരുന്നുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 1998-99 വിദ്യാഭ്യാസ വർഷത്തിൽ പ്ലസ് ടൂ വിന് വിവിധ വിഷയങ്ങളിലായി ആകെ 74,480 സീറ്റുകൾ ഉണ്ടായിരുന്നു. സയൻസ് ഗ്രൂപ്പ് - 39,930 സീറ്റ്, ഹ്യൂമാനിറ്റീസ് ഗ്രൂപ്പ് - 18,600 സീറ്റ്, കോമേഴ്സ് ഗ്രൂപ്പ് - 15,950.

(ബി) ഏകദേശം 80 ശതമാനം സീറ്റുകളിലേയ്ക്ക് അഡ്മിഷൻ നടന്നു.

(സി) ഇല്ല.

(ഡി) ഗവണ്മെന്റ് മേഖലയിലുള്ള പ്ലസ് ടൂ സ്കൂളുകളിൽ പഠന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി, അതായത് ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ ഒരുക്കുന്നതിന് കഴിഞ്ഞ വർഷം 410 ലക്ഷം രൂപ അനുവദിച്ചു. അതുപോലെ തന്നെ എയിഡഡ് സ്കൂളുകളിൽ ലബോറട്ടറി, ലൈബ്രറി, ക്ലാസ് മുറികൾ എന്നിവ ഡിപ്പാർട്ടുമെന്റിന്റെ നിർദ്ദേശാനുസരണമോ എന്നറിയുവാൻ പരിശോധന നടത്താറുണ്ട്.

38 (1582) സ്കൂളുകളിലെ കംപ്യൂട്ടർ പരിശീലനം

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ കംപ്യൂട്ടർ പരിശീലനം നടത്തുന്ന സ്കീം 14 ജില്ലകളിലും നടക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിന്റെ കാരണമെന്താണ്;

LIBRARY ARCHIVES Kerala Legislative Assembly